# ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്

## പുറപ്പെടുവിക്കുന്നത്: കെ.ജി.മോഹൻലാൽ ഐ.എഫ്.എസ്.

വിഷയം:- വനം വകുപ്പ് - ജീവനക്കാര്യം - 10.10.2010 തീയതി കണക്കാക്കി തയ്യാറാക്കിയ ലോവർ ഡിവിഷൻ ക്ളാർക്കുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ.പി.സതീഷ്കുമാറിന്റെ സ്ഥാനം താൽക്കാലികമായി പുന:ക്രമീകരിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

സൂചന:-

1. ശ്രീ.പി.സതീഷ്കുമാറിന്റെ 19.06.2015-ലെ അപേക്ഷ.
2. 30.11.2007 തീയതിയിലെ 677/07/വനം നമ്പർ സർക്കാർ ഉത്തരവ്.
3. കൊല്ലം സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 02.01.2008 ലെ 01/08 നമ്പർ സേവന ഉത്തരവ്.
4. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 20.06.2014 -ലെ ഇ5-678/09 നമ്പർ ഉത്തരവ്.

## ഉത്തരവ് നമ്പർ ഇ5-678/2009 തീയതി 05.10.2015

വനംവകുപ്പിലെ ലോവർ ഡിവിഷൻ ക്ളാർക്കുമാരുടെ 10/10/2010 തീയതി കണക്കാക്കിയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ് സൂചന (4) പ്രകാരം പ്രസിദ്ധപ്പെടുത്തിയിരുന്നു. പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ.പി.സതീഷ്കുമാറിന്റെ സ്ഥാനം നിശ്ചയിച്ചതിൽ അപാകതയുള്ളതിനാൽ ടി സീനിയോറിറ്റി ലിസ്റ്റിലെ സ്ഥാനം പുന:ക്രമീകരിച്ചുനൽകണമെന്ന് ആവശ്യപ്പെട്ട് ടിയാൻ സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

വനംവകുപ്പിൽ ഫോറസ്റ്റ് ഗാർഡ് തസ്തികയിൽ 22.09.2000-ൽ സേവനമാരംഭിച്ച ശ്രീ.പി.സതീഷ്കുമാറിന് സൂചന (2) സർക്കാർ ഉത്തരവ് പ്രകാരം തസ്തികമാറ്റം വഴി ക്ലാർക്കായി നിയമനം നൽകുന്നതിന് അനുമതി നൽകിയതുപ്രകാരം കൊല്ലം സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ സൂചന (3) ഉത്തരവ് പ്രകാരം ക്ലാർക്കായി തസ്തികമാറ്റം അനുവദിച്ചിരുന്നു. അപ്രകാരം ശ്രീ. പി. സതീഷ്കുമാർ കോന്നി ഫോറസ്റ്റ് ഡിവിഷനിൽ 03.01.2008-ൽ ക്ളാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയായിരുന്നു. എന്നാൽ സൂചന (4) പ്രകാരം പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റിൽ ടിയാന് വനം വകുപ്പിൽ ഫോറസ്റ്റ് ഗാർഡായി നിയമനത്തിന് പി.എസ്.സി ശുപാർശ നൽകിയ തീയതിയായ 04.09.2000 കണക്കാക്കി തെറ്റായി സ്ഥാനം

നിശ്ചയിച്ചിരുന്നു. തസ്തികമാറ്റം വഴി നിയമിതനാകുന്ന ഉദ്യോഗസ്ഥന്റെ സീനിയോറിറ്റി ചട്ടപ്രകാരം ടി ഉദ്യോഗസ്ഥൻ ജോലിക്കു ഹാജരാകുന്ന തീയതി അടിസ്ഥാനമാക്കി യായിരുന്നു കണക്കാക്കേണ്ടിയിരുന്നത്.

ശ്രീ.പി.സതീഷ്കുമാറിന്റെ അപേക്ഷ നിലവിലുള്ള ചട്ടങ്ങളും നിയമന രേഖകളുമായി വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (4) സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ 74 ആയി സ്ഥാനം നൽകിയ ശ്രീ. പി. സതീഷ്കുമാറിന്റെ സ്ഥാനം ക്രമ നമ്പർ (348) ശ്രീമതി.എൻ.സുനിതയുടെയും ക്രമ നമ്പർ (349) ശ്രീമതി.പി.എൻ.രാജേശ്വരിയുടെയും മദ്ധ്യേ 348(എ) ആയി പുനഃക്രമീകരിക്കുവാൻ താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് ഉത്തരവാകുന്നു.

മേൽ തീരുമാനത്തിനെതിരെ പരാതിയോ ആക്ഷേപമോ ഉണ്ടെങ്കിൽ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ വ്യക്തമായ രേഖകൾ സഹിതം ഓഫീസ് മേലധികാരി മുഖേന സമർപ്പിക്കേണ്ടതാണെന്നും നിശ്ചിത സമയത്തിനുള്ളിൽ വ്യക്തമായ പരാതികൾ ഒന്നും ലഭിക്കാത്തപക്ഷം മേൽ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

കെ.ജി.മോഹൻലാൽ ഐ.എഫ്.എസ്
അഡീഷണൽ പ്രിൻസിപ്പൽ
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)

Fegh
MC
06/10/15.

ശ്രീ.പി.സതീഷ്കുമാർ
(ഓഫീസ് മേലധികാരി മുഖേന)

<u>പകർപ്പ് :</u>

1. എല്ലാ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അയയ്ക്കുന്നു. ടി ഉത്തരവ് ബന്ധപ്പെട്ടവർക്ക് നൽകി കൈപ്പറ്റ് ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണെന്നും അറിയിക്കുന്നു.
2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്) വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി നൽകുന്നു.
3. പകർപ്പ് ഇ3- സെക്ഷന്